**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3294 14.07.15-ലെ മറുപടിക്ക്**

**"വാണിജ്യ നികുതി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ നികുതി പിരിച്ചെടുക്കുന്ന തിൽ അലംഭാവവും വീഴ്ചയും ഉണ്ടായെന്ന ആക്ഷേപം കണക്കിലെ ടുത്ത് നികുതി വെട്ടിപ്പ് തടഞ്ഞ് പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | വാണിജ്യ നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവവും വീഴ്ചയും ഉണ്ടായിട്ടില്ല, എന്നിരുന്നാലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതുമൂലം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺ ലൈനാക്കിയിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചതിനു ശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ.**